**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4374** **18-07-2022 - ൽ മറുപടിയ്ക്ക്**

**അർബൻ ബാങ്കുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | അർബൻ ബാങ്കുകളെ തകർത്ത് സ്വകാര്യ ബാങ്കുകൾക്ക് അടിയറവയ്ക്കാൻ കേന്ദ്ര സർക്കാരും ആർ.ബി.ഐ.യും നീക്കം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന 59 അർബൻ ബാങ്കുകളെ സാഫിൽ ഉൾപ്പെടുത്തി വായ്പ വിതരണം പോലും നിഷേധിക്കുന്ന അവസ്ഥയിലെത്തിച്ചതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരളത്തിൽ നിലവിൽ 60 അർബൻ സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം, ഒരു ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താനും അതിനനുസരിച്ച് നിർദ്ദേശങ്ങൾ നൽകാനും ആർ.ബി.ഐ. ക്ക് അർഹതയുണ്ട്. സമ്മർദ്ദത്തിലായ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനായാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്ക് അവതരിപ്പിച്ചത്. ഇത് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾക്ക് സമാനമാണ്. ഒരു അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നെറ്റ് എൻ.പി.എ. അതിന്റെ അറ്റ അഡ്വാൻസുകളുടെ 6% അധികരിക്കുമ്പോൾ SAF - ന് കീഴിൽ വയ്ക്കാം. സമ്മർദ്ദത്തിന്റെ തീവ്രതയെ ആശ്രയിച്ച് റിസർവ് ബാങ്ക് നടപടികളെടുത്തേക്കാം.<br><br>നിലവിൽ 39 അർബൻ സഹകരണ ബാങ്കുകൾ സാഫ് നിയന്ത്രണത്തിന് കീഴിലാണ്. സഹകരണ അർബൻ ബാങ്കുകളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുകയും എൻ.പി.എ. കുറച്ചു കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ